LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 338 എഫ്.എൽ 1 ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കെ.എസ്.ബി.സി ഷോപ്പുകളിൽ കൂടി പ്രതിദിനം 12.15 കോടി രൂപയുടെ മദ്യവിൽപ്പന നടക്കുന്നുണ്ട്.

(സി) ഉണ്ട്. 2010-2011 വർഷത്തിൽ കെ.എസ്.ബി.സി വഴിയുള്ള മദ്യ വിൽപ്പനയുടെ അളവിലും വരുമാനത്തിലും ഉള്ള പ്രതിമാസ വർദ്ധനവ് ചുവടെ ചേർക്കുന്നു:

| | 2009 വില്പന (IMFL+Beer) (കെയ്സ്-ലക്ഷത്തിൽ) | 2010 വില്പന (IMFL+Beer) (കെയ്സ്-ലക്ഷത്തിൽ) | വർദ്ധന% | 2009 വില്പന വില (കോടിയിൽ) | 2010 വില്പന വില (കോടിയിൽ) | വർദ്ധനവ് |
|---|---|---|---|---|---|---|
| ഏപ്രിൽ | 23.75 | 24 | 1.05 % | 460.76 | 526.16 | 14.19 |
| മേയ് | 25.29 | 25.95 | 2.61 % | 484.32 | 554.68 | 14.53 |
| ജൂൺ | 19.73 | 22.78 | 15.46 % | 398.02 | 501.05 | 25.83 |
| | 68.77 | 72.73 | | 1343.10 | 1581.89 | |

**മദ്യവിൽപ്പനയിലൂടെ ഓരോ വർഷവുമുണ്ടായ വരുമാന വർദ്ധന**

82 (5487) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യവിൽപ്പന യിലൂടെ ഓരോ വർഷവുമുണ്ടായ വരുമാന വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മദ്യപാനത്തോതിലെ വർദ്ധനയാണോ, മദ്യപരുടെ എണ്ണത്തിലുള്ള വർദ്ധനയാണോ ഇതിനുകാരണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനവർദ്ധന, സർക്കാർ നടപ്പിലാക്കുന്ന ബോധവൽക്കരണത്തിന്റെ പരാജയമാണെന്ന് കരുതുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സൈസ് വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾമൂലം വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം എന്നിവ വലിയ ഒരളവിൽ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട് എന്നതിന്റെ

ഫലമായി വ്യാജമദ്യം ഉപയോഗിച്ചുകൊണ്ടിരുന്നവർ കൂടി കെ.എസ്.ബി.സി-യുടെ വിദേശമദ്യ ചില്ലറ മദ്യശാലകൾവഴി മദ്യം വാങ്ങി ഉപയോഗിക്കുന്നുണ്ട്. മദ്യപാനികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടോയെന്നു പരിശോധിച്ചിട്ടില്ല.

(സി) ഇല്ല.

**ആധുനിക രീതിയിലുള്ള കള്ളുഷാപ്പുകൾ**

**83 (5488)** ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.ടി.ഡി.സി. ഹോട്ടലുകളിൽ ഇപ്പോൾ നടത്തുന്ന ബിയർ പാർലറുകൾ പോലെ ഹോട്ടലിനോടനുബന്ധമായി ആധുനിക രീതിയിലുള്ള കള്ളുഷാപ്പുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ അതിനെ കുറിച്ച് ആലോചിക്കുമോ ?

ഉത്തരം

കള്ള് വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി, ജില്ലാ തലത്തിൽ, റ്റോഡി പാർലറുകൾ ആരംഭിക്കുവാൻ 2010-2011 വർഷത്തെ അബ്കാരി നയത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**ലഹരി മോചന കേന്ദ്രങ്ങൾ**

**84 (5489)** ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എക്സൈസ് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിലാണ് പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നത് ;

(സി) ലഹരി വിമോചനത്തിനായി എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് വകുപ്പ് സംഘടിപ്പിച്ചു വരുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ലഹരിമോചന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ

LIBRARY ARCHIVES Kerala Legislative Assembly